(സി) ആഫീസറന്മാർ പഞ്ചായത്തുകളുടെ പ്രമേയങ്ങളെ ധിക്കരിച്ചു കൊണ്ട് പിരിക്കുന്നതായും ക്ലാർക്കിനെയും പ്യൂണിനെയും നിയമിക്കുകയും പിരിച്ചുവിടുകയും ചെയ്യുന്നതായും പരാതി ഉണ്ടായിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) എടനാടിമംഗലം, തുരുത്തി, പിരപ്പുറം എന്നീ മൂന്നു പഞ്ചായത്താഫീസുകളിലെ ആഫീസറന്മാർ ചട്ടത്തിനുവിരുദ്ധമായി പ്രവർത്തിച്ചു എന്നു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മണ്ണൂർ പഞ്ചായത്താഫീസറെപ്പറ്റി പരാതി കിട്ടിയില്ല.

(സി) പരാതി കിട്ടിയിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ലഭിച്ചിട്ടുള്ള പരാതികളെപ്പറ്റി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെപ്പറ്റി അന്വേഷണങ്ങൾ നടത്തി. തുരുത്തി പഞ്ചായത്തിലെ ആഫീസറെപ്പറ്റിയുള്ള പരാതി, ഒരു ദിവസം പഞ്ചായത്തു് 3 മണിക്കാണു കൂടിയതെന്നും 8 മണിവരെ അതു തുടർന്നുകൊണ്ടിരുന്നു എന്നും എട്ടുമണിക്കുമേലും അതു തുടർന്നുകൊണ്ടുപോകുന്നതുകണ്ടപ്പോൾ പഞ്ചായത്താഫീസർ സ്ഥലം വിട്ടു എന്നുമാണു്. അതെപ്പറ്റി അന്വേഷിച്ചു. മേലാൽ ഈമാതിരി ഉണ്ടാകരുതെന്നു് ആഫീസർക്കു നിർദ്ദേശം നൽകിയിരിക്കയാണു്.

മെയിന്റനൻസ് ചെലവു്

* 706. [17] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എല്ലാ വി. ആർ. ഡി. റോഡുകൾക്കും മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രതിവർഷം എത്ര രൂപ വീതം ഒരു മൈലിനു് അനുവദിക്കുന്നു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) വി. ആർ. ഡി. പദ്ധതി അനുസരിച്ചു് പൂർത്തിയാക്കിയിട്ടുള്ളതും പി. ഡബ്ലിയു. ഡി. ഏറ്റെടുത്തിട്ടുള്ളതുമായ റോഡുകൾക്കു മെയിന്റനൻസു ഗ്രാന്റു് അനുവദിക്കാറുണ്ടു്.

(ബി) 300 രൂപ.

ശ്രീ. ടി. എ. മജീദ് : പല റോഡുകളും പൂർത്തിയാക്കിയതിനുശേഷം പി. ഡബ്ലിയു. ഡി. ഏറ്റെടുക്കാതെയുണ്ടെന്നറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഏറ്റെടുക്കാത്ത റോഡുകൾ ഒരുപക്ഷേ ഉണ്ടായിരിക്കാം.

ശ്രീ. ടി. എ. മജീദ് : അങ്ങനെയുള്ള റോഡുകൾക്കുകൂടി മെയിന്റനൻസുഗ്രാന്റു് അനുവദിക്കുവാൻ ഗവണ്മെന്റു് തയാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ആവശ്യപ്പെട്ടവ റോഡുകളിൽ മിക്കതും റയട്സ് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള റോഡുകളാണ്. എന്നാൽ അവർക്കുകൂടി കഴിഞ്ഞതിട്ടില്ല. അങ്ങനെയുള്ള റോഡുകളാണ് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുമെന്നു പറയുന്നത്.

ശ്രീ. ടി. എ. മജീദ് : റയട്സിന്റെ റോഡുകളെപ്പറ്റി അല്ല വി. ആർ. ഡി. റോഡുകളെപ്പറ്റിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെയുള്ള റോഡുകൾ പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുമെന്നുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. ചന്ദ്രശേഖരൻനായർ : 300 രൂപ അനുവദിച്ചിരിക്കുന്നത് ആ റോഡിനു മുഴുവനായുള്ള ഗ്രാന്റായിട്ടാണോ?

ശ്രീ. കെ. ഐ. വേലായുധൻ : അല്ല. ഒരു മൈലിനുള്ളതാണ്.

ശ്രീ. എം. എ. ആന്റണി : പി. ഡബ്ലിയു. ഡി. ഏറ്റെടുത്തതിനു ശേഷം മെയിന്റനൻസ് അനുവദിക്കാത്തതായ പല റോഡുകളും ഉണ്ടെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. പി. സീതാരാമൻ : സംസ്ഥാനത്തു മുഴുവൻ ഭാഗങ്ങളിലും വി. ആർ. ഡി. പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : പിരുവിതാംകൂറിനെ സംബന്ധിച്ചു മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ.

ശ്രീ. ടി. പി. സീതാരാമൻ : എന്തുകൊണ്ടു മറ്റു സ്ഥലങ്ങളിൽ നടപ്പിൽ വരുത്തിയിയിട്ടില്ല?

ശ്രീ. കെ. ഐ. വേലായുധൻ : അവിടെ പഞ്ചായത്തുകളിൽ ഇതു നടപ്പിൽ വന്നിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ : ഈ പദ്ധതി അവിടെ നിറുത്തിവച്ചിരിക്കുകയല്ലേ ചെയ്യുന്നത്?

ശ്രീ കെ. ഐ. വേലായുധൻ : അതെ.

ശ്രീ. ടി. പി. സീതാരാമൻ : ഈ സംസ്ഥാനത്തിന്റെ ഒരു ഭാഗം പഞ്ചായത്തുകൾ മുഖേന വി. ആർ. ഡി. പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുമ്പോൾ മറ്റൊരു ഭാഗത്തു് അതു നിറുത്തിക്കളഞ്ഞതു ശരിയല്ലെന്നു ഗവണ്മെന്റിനു തോന്നുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : നിറുത്തിക്കളഞ്ഞിട്ടൊന്നുമില്ല.

ശ്രീ. പ്രാക്കുളം ഭാസി : വി. ആർ. ഡി. പദ്ധതി ഗവണ്മെന്റിന്റെ പദ്ധതിയല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : അതെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : അതു നാഗപ്പൂർ പദ്ധതിയനുസരിച്ചുണ്ടാക്കിയ ഒരു പദ്ധതിയല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : അതെ.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങനെ വി. ആർ. ഡി. സ്കീം അനുസരിച്ചു റോഡുകൾ ഗവണ്മെന്റ് ഏറ്റെടുക്കുമ്പോൾ ഒരു മൈലിനു 300 രൂപ വച്ചുള്ള മെയിന്റനൻസ് ഗ്രാന്റ് മതിയാകുമോ എന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ തുക പോരായെന്നറിയാം. പക്ഷേ, ഇവ വില്ലേജ് റോഡുകളാണ്. ഇതുകൂടാതെ, ഡിസ്ട്രിക്റ്റ് റോഡുകളും മറ്റു മെയിൻ റോഡുകളും ഉണ്ട്. എല്ലാത്തിനും കൂടി പണം മതിയാകുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : നാഗപ്പൂർ പദ്ധതിയനുസരിച്ചുണ്ടാക്കിയിട്ടുള്ള വി. ആർ. ഡി. റോഡുകൾക്ക് കേന്ദ്ര ഗവണ്മെന്റിൽ നിന്നും ഗ്രാന്റ് കിട്ടുന്നില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള : പലയിടങ്ങളിലും അനുവദിച്ചിട്ടുള്ള ഈ 300 രൂപ കൂടി ഇത്തരം റോഡുകളുടെ മെയ്ന്റനൻസിനു വേണ്ടി ചെലവാക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ടെന്നാണു ഗവണ്മെന്റ് ധരിക്കുന്നതു്. അതേപ്പറ്റി അന്വേഷിക്കാം.

SHORT NOTICE QUESTION AND ANSWER

ബുൾഗാനിന്റെ സഞ്ചാരപരിപാടി.

7. [2] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റഷ്യൻ പ്രധാനമന്ത്രി മാർഷൽ ബുൾഗാനിന്റെ സഞ്ചാരപരിപാടി ഈ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സംസ്ഥാനത്തു് ഏതെല്ലാം സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുന്നുണ്ടു്;

(സി) ഈ സംസ്ഥാനം സന്ദർശിക്കുന്നില്ലെങ്കിൽ അതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) മാർഷൽ ബുൾഗാനിൻ ഈ സംസ്ഥാനം സന്ദർശിക്കുന്നുണ്ടെന്നുള്ളതിനു് ഇതുവരെ യാതൊരു അറിവും ഗവണ്മെന്റിനു സിദ്ധിച്ചിട്ടില്ല.

(സി) അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly